DESPATCHED
On..05/03/2020

3/02/2020

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


## ഹർജി നമ്പർ C.P. No.726(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.9175/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ.ആർ. ശിവാനന്ദൻ
കൃഷ്ണഭവൻ, വലിയകട,
മുക്കാലുവട്ടം, ചിറയിൻകീഴ്,
തിരുവനന്തപുരം- 695 304
} പരാതി ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &സബ് ഇൻസ്പെക്ടർ
മ്യൂസിയം പോലീസ് സ്റ്റേഷൻ ,
തിരുവനന്തപുരം സിറ്റി.
2. അപ്പീൽ അധികാരി &പോലീസ് ഇൻസ്പെക്ടർ
മ്യൂസിയം പോലീസ് സ്റ്റേഷൻ ,
തിരുവനന്തപുരം സിറ്റി.

} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 01.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.05.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.05.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 30.05.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 14.01.2020, 01.02.2020,<br>സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി(01.02.2020) |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ശിവാനന്ദൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 8(എച്ച്)

RIGHT TO INFORMATION

വകുപ്പു ചൂണ്ടിക്കാട്ടി നിരസിച്ചുവെന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പി ച്ചെങ്കിലും ഒന്നാം എതിർകക്ഷിയുടെ മറുപടി ന്യായീകരിച്ച് അപേക്ഷ നിരസിക്കുക യാണ് ഉണ്ടായതെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഇൻഷ്വറൻസ് നഷ്ട പരി ഹാരവുമായി ബന്ധപ്പെട്ടതായിരുന്നുവെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവ ശ്യപ്പെട്ടത്, മ്യൂസിയം പോലീസ് സ്റ്റേഷനിലെ ക്രൈം.നം.1297/14 ലെ യു.എൻ റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവര ങ്ങൾ വിവരാവകാശ നിയമത്തിലെ 8(എച്ച്) പ്രകാരം നൽകുവാൻ നിർവ്വാഹമില്ലെന്നാ ണ്. ഹർജിക്കാരൻ മേൽപ്പടി മറുപടിക്കെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ബന്ധപ്പെട്ട വാഹന ഉടമ നഷ്ട പരിഹാരത്തിന് സമർപ്പിച്ച അപേക്ഷ തീർപ്പാക്കുന്നതിലേയ്ക്കായാണ് ടിയാൻ മേൽപ്പടി യു.എൻ റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിനാൽ മേൽപ്പടി റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ബന്ധപ്പെട്ട കേസ്, കോടതിയുടെ പരിഗണനയിൽ ഇരി ക്കുന്നതിനാൽ ആയത് വിവരാവകാശ നിയമം 8(എച്ച്) പ്രകാരം പകർപ്പ് നൽകാൻ നിർവ്വാഹമില്ല എന്ന ഒന്നാം എതിർകക്ഷിയുടെ തീരുമാനം ശരിയാണെന്നാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട മ്യൂസിയം പോലീസ് സ്റ്റേഷന്റെ ക്രൈം.1297/14-ാം നമ്പർ കേസ് തെളിയേണ്ടും പട്ടികയിൽ ഉൾപ്പെടുത്തി സാവകാശ അന്വേഷണം നടത്തിവരു ന്നുവെന്നും കോടതിക്കയച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചുനൽകിയിട്ടു ണ്ടെന്നാണ്. ഹർജിക്കാരൻ, കമ്മീഷൻ മുമ്പാകെ 25.01.2020 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട രേഖ ടിയാന് ഈ അവസരത്തിൽ ലഭ്യമായിട്ടുണ്ടെന്നാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ ഒന്നാം എതിർകക്ഷി മുമ്പാകെയുള്ള അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട രേഖ ബന്ധപ്പെട്ട വാഹന ഉടമ സമർപ്പിച്ച ക്ലെയിം തീർപ്പാക്കുന്നതിലേയ്ക്കു വേണ്ടിയായി

രുന്നു എന്നു ഹർജിക്കാരൻ വ്യക്തമാക്കിയിരുന്നില്ല എന്നു കാണുന്നു. ആയത് വ്യക്ത മായിരുന്നുവെങ്കിൽ നിയമാനുസൃത നടപടി സ്വീകരിക്കുവാൻ ഒന്നാം എതിർകക്ഷിക്ക് കഴിയുമായിരുന്നു എന്നു കാണുന്നു. എന്നാൽ അപ്പീൽ അധികാരി മുമ്പാകെ മേൽപ്പടി വിഷയം വ്യക്തമാക്കിയിട്ടും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ നൽകുന്ന തിൽ രണ്ടാം എതിർകക്ഷി നിരുത്തരവാദപരമായ സമീപനമാണ് കൈക്കൊണ്ടിരുന്നത് എന്നു കാണുന്നു. വാഹനാപകട കേസ്സുകളിൽ ഇൻഷ്വറൻസ് കമ്പനി മുമ്പാകെയും കോടതി മുമ്പാകെയുമുള്ള കേസ്സുകളും മറ്റും തീർപ്പാക്കുന്നതിലേക്കായി ബന്ധപ്പെട്ട രേഖകൾ നിയമ പ്രകാരം നൽകുവാനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട എതിർകക്ഷി ക്കുണ്ട്. ഇക്കാര്യത്തിൽ എതിർകക്ഷികൾ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീ ഷൻ ടിയാൻമാരെ ഓർമ്മപ്പെടുത്തുന്നു.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ നൽകിയിട്ടുള്ള തായി കാണുന്നതിനാൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 3-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്,

അഡീഷണൽ സെക്രട്ടറി(നിയമം)

suja